പ്രൊപോസൽ തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; എത്ര രൂപയുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയിട്ടുള്ളത് ; ഏതു ഏജൻസി വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കറവിലങ്ങാട് ദേവമാതാ കോളേജിൽ നീന്തൽക്കുളം നിർമ്മിക്കുന്നതിനായുള്ള അപേക്ഷ 2012-13 സാമ്പത്തിക വർഷത്തിൽ ഈ വകുപ്പിൽ ലഭിച്ചിരുന്നു. ടി അപേക്ഷ സ്വിമ്മിൽ പദ്ധതിയ്ക്കായുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ടി സ്ഥാപനം ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല.

മൂപ്പത്തിയഞ്ചാം ദേശീയ ഗെയിംസ്

311 (313) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂപ്പത്തിയഞ്ചാം ദേശീയ ഗെയിംസ് എന്നാണ് നടത്തുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതോടനുബന്ധിച്ചുള്ള കളിസ്ഥലങ്ങളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത ഗെയിംസിനായി നവീകരിക്കുന്നതും പുതുതായി നിർമ്മിക്കുന്നതുമായ സ്റ്റേഡിയങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ ;

(ഡി) ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ഇ) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 35-ാമത് ദേശീയ ഗെയിംസ് 2015 ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെ തീയതികളിലായാണ് നടത്തുവാൻ നിശ്ചയിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) പുതിയതായി നിർമ്മിക്കുന്നതും നവീകരിക്കുന്നതുമായ സ്റ്റേഡിയങ്ങളും മത്സരയിനങ്ങളും നിർമ്മാണ പുരോഗതിയും വിശദമാക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട് *.

(ഡി) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട ഭൂരിഭാഗം നിർമ്മാണ/നവീകരണ പ്രവർത്തനങ്ങളും ഇതിനകം പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാനായ മുഖ്യമന്ത്രിയുടെയും വർക്കിംഗ് ചെയർമാനായ കായിക വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ നിർമ്മാണപുരോഗതി കൃത്യമായി വിലയിരുത്തുകയും അടിയന്തരമായി പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഉദ്ദേശിച്ച സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിന് കാലതാമസം ഏതെങ്കിലും ഘട്ടത്തിൽ ഉണ്ടാകുമെന്ന് കരുതുന്ന പദ്ധതികൾ പ്രത്യേകമായി കണ്ടെത്തി ആ പ്രവൃത്തികളെ മിഷൻ മോഡ് പദ്ധതികളായി പ്രഖ്യാപിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ലാ ഓർഗനൈസിംഗ് കമ്മിറ്റികളും, ജനപ്രതിനിധികളും ബന്ധപ്പെട്ട മറ്റു വകുപ്പുകളും പ്രവർത്തനം ഏകോപിപ്പിച്ച് നിർമ്മാണത്തിൽ നേരിടുന്ന തടസ്സങ്ങൾ നീക്കുന്നതിന് മേൽനോട്ടം നൽകിവരുന്നു.

(ഇ) മിഷൻ 676-ൽ ദേശീയ ഗെയിംസിന്റെ വേദികളാകുന്ന താഴെപ്പറയുന്ന സ്റ്റേഡിയങ്ങളുടെ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ട്:

(i) കോഴിക്കോട് മെഡിക്കൽ കോളേജ് ഫുട്ബോൾ ഗ്രൗണ്ടിൽ സിന്തറ്റിക് അത് ലറ്റിക് ട്രാക്ക് (നിർമ്മാണം പൂർത്തിയായി).

(ii) കേരളത്തിലെ ഏറ്റവും വലിയ കളിസ്ഥലമുള്ള ഇൻഡോർ സ്റ്റേഡിയം, മുണ്ടയാട് കണ്ണൂർ (പ്രധാന പണികൾ പൂർത്തിയായി).

(iii) അന്താരാഷ്ട്ര നിലവാരമുള്ള സ്കോഷ് കോർട്ട്, പാളയം, തിരുവനന്തപുരം (നിർമ്മാണം പൂർത്തിയായി).

(iv) കേരളത്തിലെ ആദ്യ ആസ്ട്രോ ടർഫ് ഹോക്കി സ്റ്റേഡിയം, കൊല്ലം (നിർമ്മാണം പുരോഗമിക്കുന്നു).

(v) കേരളത്തിലെ ആദ്യ ട്രാപ് ആന്റ് സ്കീറ്റ് ഷൂട്ടിംഗ് റേഞ്ച്, രാമവർമ്മപുരം, തൃശ്ശൂർ (നിർമ്മാണം പുരോഗമിക്കുന്നു).

(vi) സർക്കാർ മേഖലയിലെ ആദ്യ സിന്തറ്റിക് ടെന്നീസ് അക്കാഡമി, കുമാരപുരം, തിരുവനന്തപുരം (നിർമ്മാണം പുരോഗമിക്കുന്നു).

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(vii) അന്താരാഷ്ട്ര നിലവാരമുള്ള ആദ്യഷൂട്ടിംഗ് റേഞ്ച്, വട്ടിയൂർക്കാവ് (നിർമ്മാണം പുരോഗമിക്കുന്നു).

(viii) അന്തർദ്ദേശീയ നിലവാരമുള്ള കേരളത്തിലെ ഏറ്റവും വലിയ ഫുട്ബോൾ & ക്രിക്കറ്റ് സ്റ്റേഡിയമായ കാര്യവട്ടത്തെ ഗ്രീൻഫീൽഡ് സ്റ്റേഡിയം (നിർമ്മാണം പുരോഗമിക്കുന്നു).

ദേശീയ ഗെയിംസിന്റെ സന്ദേശം ജനങ്ങളിലെത്തിക്കുന്നതിനും, പുതിയ കായിക സംസ്കാരം സൃഷ്ടിക്കുന്നതിനുമായി 7000 കേന്ദ്രങ്ങളിലായി ഒരു കോടി ജനങ്ങൾ പങ്കെടുക്കുന്ന കൂട്ടയോട്ടം സംഘടിപ്പിക്കുന്നതും മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മുപ്പത്തിയഞ്ചാം ദേശീയ ഗെയിംസ്

312 (314) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 35-ാം ദേശീയ ഗെയിംസിനുള്ള തയ്യാറെടുപ്പുകൾ ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഗെയിംസിന്റെ കാര്യക്ഷമമായ നടത്തിപ്പിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(സി) ദേശീയ ഗെയിംസിനായുള്ള അടിസ്ഥാന സൗകര്യങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 2015 ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെ നടക്കുന്ന 35-ാമത് ദേശീയ ഗെയിംസിനായുള്ള തയ്യാറെടുപ്പുകൾ അന്തിമഘട്ടത്തിലാണ്. ദേശീയ ഗെയിംസിന്റെ മത്സരങ്ങൾക്കായി നിശ്ചയിച്ചിട്ടുള്ള സ്റ്റേഡിയങ്ങളിലെ നിർമ്മാണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഭൂരിഭാഗവും പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന സ്റ്റേഡിയങ്ങൾ 2014 ഡിസംബറോടെ സജ്ജമാകും. ദേശീയ ഗെയിംസിനുവേണ്ടി സജ്ജമാക്കുന്ന താല്ക്കാലിക നിർമ്മിതികളും ഗെയിംസ് തീയതിക്ക് വളരെ മുമ്പായി പൂർത്തിയാക്കുന്നതാണ്. പണി പൂർത്തിയായ സ്റ്റേഡിയങ്ങളിൽ കളി നടത്തുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly